## പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2764 — 14.12.2015 ലെ മറുപടിക്ക്

<u>സ്വയം പര്യാപ്ത ഗ്രാമംപദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി എം.എൽ.എ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വികസനവുമായി ബന്ധപ്പെട്ട സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ 2012-13, 2013-14 വർഷങ്ങളിൽ തെരഞ്ഞെടുത്ത കോളനികളിലെ പ്രവൃത്തികൾ ജില്ലാ തലത്തിൽ അവലോകനം ചെയ്യുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | കോളനികളിലെ പ്രവൃത്തികൾ ജില്ലാ തലത്തിൽ അവലോകനം ചെയ്യുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് |
| (ബി) | എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ബന്ധപ്പെട്ട ഏജൻസികളുടെയും പട്ടികജാതി വികസന ഓഫീസർമാരുടെയും യോഗം ജില്ലാ തലത്തിൽ വിളിച്ച് ചേർത്ത് വിലയിരുത്താറുണ്ട്. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ പട്ടികജാതി വികസന ആഫീസർമാർ / പട്ടികജാതി വികസന ആഫീസർമാർ, ബന്ധപ്പെട്ട ഏജൻസികൾ എന്നിവരുടെ യോഗം വിളിച്ച് ചേർത്ത് പദ്ധതി അവലോകനം ചെയ്യാറുണ്ട്. |
| (സി) | 2012-13, 2013-14 വർഷങ്ങളിൽ പ്രസ്തുത പദ്ധതിയിൽ കൊണ്ടോട്ടി മണ്ഡലത്തിൽനിന്ന് ഏതെല്ലാം കോളനികളെയാണ് തിരഞ്ഞെടുത്തത് എന്നും ഇതിന്റെ പ്രവൃത്തിക്ക് നേതൃത്വം നൽകുന്നത് ആരാണ് എന്നും എത്ര ജോലികൾ ഇവിടെ നടന്നിട്ടുണ്ട് എന്നും വിശദമാക്കുമോ? | (സി) | <u>2012-13 -ൽ മുച്ചിക്കുണ്ട് കോളനിയിൽ നടപ്പിലാക്കുന്ന പദ്ധതികൾ</u><br><u>ഏജൻസി - ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്</u><br>• കുളം നവീകരണം/ കുളം വൃത്തിയാക്കൽ ചുറ്റുമതിൽ / കുടിവെള്ള വിതരണം,<br>• പമ്പ് ഹൗസ് 95% പണികൾ പൂർത്തിയായി കുടിവെള്ള വിതരണം, വാട്ടർ ടാങ്ക് നവീകരണം എന്നിവ |

| | | | |
|---|---|---|---|
| | | | 80% പൂർത്തിയായി.<br>• കോൺക്രീറ്റ് റോഡ് (3 മീറ്റർ), കോൺക്രീറ്റ് റോഡ് (100 മീറ്റർ), പണി ആരംഭിച്ചിട്ടില്ല.<br>2013-14 -ൽ കല്ലറക്കുന്ന് കോളനിയിൽ നടപ്പിലാക്കുന്ന പദ്ധതികൾ<br>ഏജൻസി - സിഡ്കോ കോഴിക്കോട്<br>കോട്ടാടി - കല്ലറക്കുന്ന് - പുതുപ്പാടം റോഡ് & കല്ലറക്കുന്ന് പള്ളിക്കര – ചുരക്കാവിൽ റോഡ്, കല്ലറക്കുന്ന് - കോടംപാട്ടിൽ കല്ലറക്കുന്ന് - ചെറിയങ്ങര, കല്ലറക്കുന്ന് - ദേവസ്വംപറമ്പിൽ റോഡ്, കല്ലറക്കുന്ന് പാണത്തൊടി പുരായി റോഡ് എന്നീ റോഡുകളുടെ വികസനം, ശ്മശാനം ചുറ്റുമതിൽ നിർമ്മാണം, നടപ്പാത വികസനം പുതിയ കുഴൽക്കിണർ, കിണർ നടപ്പാത, ടാങ്ക്, പൈപ്പ് ലൈൻ, പമ്പ് ഹൗസ്, പമ്പ് സെറ്റ്, പഞ്ചായത്ത് കിണർ നവീകരണം എന്നിവയാണ് ഏറ്റെടുത്ത പ്രവൃത്തികൾ. |

സെക്ഷൻ ഓഫീസർ